

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: **dotsr.ksad@kerala.gov.in**
ഫോൺ : **0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി 9)1151/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി 9)1151/2022. തീയ്യതി: 29/07/2022

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2021 മുതൽ 02-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സതീശൻ.എൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	04-07-2022	13-07-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-07-2022	13-07-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.പ്രവിദ.പി.എ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.കെ.സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എച്ച്.അബ്ദുൾ സലാം	പ്രസിഡന്റ്	01-04-2020	10-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	11-11-2020	29-12-2020
ശ്രീമതി.ഗിരിജ മേലേടത്ത്	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ.അൻസാർ	സെക്രട്ടറി	01-04-2020	24-05-2020

അഹമ്മദ്.കെ.എ)			
ശ്രീമതി.സഫിയ.ഇ.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	25-05-2020	21-06-2021
ശ്രീ.അൻസാർ അഹമ്മദ്.കെ.എ)	സെക്രട്ടറി	22-06-2020	14-02-2021
ശ്രീമതി.അംബിക.എം.എസ്	സെക്രട്ടറി	15-02-2021	18-02-2021
ശ്രീ.അൻസാർ അഹമ്മദ്.കെ.എ)	സെക്രട്ടറി	19-02-2021	05-03-2021
ശ്രീമതി.സഫിയ.ഇ.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-03-2021	20-03-2021
ശ്രീമതി.റസീന.എ.എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	21-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രശ്മി.കെ.ആർ	അസി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീമതി.സഫിയ.ഇ.വി	അസി.സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി.സിന്ധു.എ.കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	31-03-2021
ഡോ.താര.എം.എ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2020	31-03-2021
ഡോ.ലാലു.ടി.ആർ	മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം	01-04-2020	31-03-2021
ശ്രീമതി.സുസ്മിത.കെ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	14-01-2021
ശ്രീമതി.നന്ദിനി	ഡയറി ഫാം ഇൻസ്ട്രക്ടർ	15-01-2021	31-03-2021
ഡോ.രാജി രവീന്ദ്രൻ	വെറ്ററിനറി സർജ്ജൻ	01-04-2020	04-02-2021
ഡോ.ഷാജിത.കെ.പി	വെറ്ററിനറി സർജ്ജൻ (അഡീഷണൽ ചാർജ്ജ്)	05-02-2021	09-02-2021
ഡോ.മഞ്ജു.വി.വി	വെറ്ററിനറി സർജ്ജൻ	10-02-2021	31-03-2021
ശ്രീമതി.നളിനി.എം	ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്, ആറ്റൂർ	01-04-2020	31-03-2021
ശ്രീ.ജോബി.വി.വി	കൃഷി ഓഫീസർ	01-04-2020	19-06-2020
ശ്രീമതി.അനു മേരി മാർക്കോസ്	കൃഷി ഓഫീസർ	20-06-2020	14-10-2020
ശ്രീ.ഉണ്ണികൃഷ്ണപിള്ള.എസ്	കൃഷി ഓഫീസർ	15-10-2020	31-03-2021
ശ്രീമതി.രഞ്ജിനി.എൻ	വി.ഇ.ഒ, മുള്ളൂർക്കര & ഇരുനിലംകോട് സർക്കിൾ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ക്ഷേമപദ്ധതികൾ	1-6
7	കാഷ് ബാലൻസ് പരിശോധന	1-7
8	ആഭ്യന്തര നിയന്ത്രണം	1-8
9	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-9
10	വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-10
11	വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-11
12	വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-12
13	വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-13
14	ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-14
15	സഞ്ചയ" ഗണിതക്രിയയിൽ വ്യത്യാസം	1-15
16	വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-16
17	വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല	1-17
18	ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-18
19	വാടക-ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല	1-19
20	വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-20
21	ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല	1-21
22	വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-22
23	ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-23
24	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-24
25	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല	1-25
26	ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ ഇല്ല	1-26
27	ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല	1-27
28	തൊഴിലുറപ്പ് പദ്ധതി മൂലധനചെലവ് ആസ്തിയാക്കിയില്ല	1-28
29	ക്ലോസിങ് സ്റ്റോക്ക് കൃത്യത പരിശോധിക്കാനായിട്ടില്ല	1-29
30	രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-30
31	പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ലഭ്യമായിട്ടില്ല	1-31
32	Capital Work In Progress കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല	1-32
33	വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-33
34	ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Group Of Assets) പുനക്രമീകരിച്ചിട്ടില്ല	1-34
35	സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം – നീക്കിയിരിപ്പുകളിലെ വ്യത്യാസം	1-35
36	ILGMS ട്രയൽ ബാലൻസ് ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ്	1-36

37	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി	1-37
38	Other Rents Receivables (Current) നെഗറ്റീവ് തുക രേഖപ്പെടുത്തിയിരിക്കുന്നു	1-38
39	ILGMS ൽ കാൻസൽ ചെയ്ത രശീതികളുടെ അനുബന്ധ ഫയൽ ലഭ്യമാകുന്നില്ല.	1-39
40	തൊഴിൽ നികുതി - അപാകതകൾ	1-40
41	വാടക - അപാകതകൾ	1-41
42	ലേലം - രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുത്തേണ്ടതാണ്	1-42
43	വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ	1-43
44	എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.	1-44
45	ലൈഫ് ഭവനപദ്ധതി (എസ് സി)	1-45
46	വനിതാ കാന്റീനിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ - 1,99,600/- രൂപ തടസ്സപ്പെടുത്തുന്നു.	1-46
47	പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-47
48	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-48
49	വനിതാ കാന്റീനിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ - 60000/-രൂപ തടസ്സപ്പെടുത്തുന്നു	1-49
50	വനിതാ ഫിറ്റ്നെസ് കേന്ദ്രത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ - 2,83,835/-രൂപ തടസ്സപ്പെടുത്തുന്നു	1-50
51	കമ്പ്യൂട്ടേഷൻ/ടെണ്ടർ നടപടികളിലെ അപാകതകൾ	1-51
52	ഇലക്ട്രിക് പ്രവൃത്തികൾക്ക് സൂപ്പർ വിഷൻ ചാർജ് അധികം നൽകി	1-52
53	ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല	1-53
54	മെഡിക്കൽ ആഫിസർ, പി.എച്ച്.സി-- മരുന്നുകൾ KMSCL ൽ നിന്ന് വാങ്ങിയിട്ടില്ല	1-54
55	കമ്പാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി	1-55
56	തൊഴിലുറപ്പു പദ്ധതി -ആദായ നികുതിയിനത്തിൽ ₹ 21960 - ഈടാക്കിയിട്ടില്ല	1-56
57	കാലി ബാരലിന്റെ വില - GST അടവാക്കേണ്ടതാണ്	1-57
58	ഇന്ദിരാപ്രിയദർശിനി കല്യാണ മണ്ഡപം നവീകരണം അപാകതകൾ	1-58
59	വയോജന ബാലസൗഹൃദ പാർക്ക് നിർമാണം അപാകതകൾ	1-59
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	സൂപ്പർ വിഷൻ ചാർജ് - 7615/- രൂപ അധികം നൽകി	3-1
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	27/03/2020	17/02/2021
കമ്മിറ്റി തീരുമാനം	1/1	1/1
പ്രതീക്ഷിത വരവ്, ചെലവ്	219762500-വരവ് 221451357-ചെലവ്	-

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	28-09-2021

1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

	തുക (രൂപ)
മുന്നിരിപ്പ്	2,01,66,064.00
ഓഡിറ്റ് വർഷത്തെ വരവ്	7,72,69,130.00
ആകെ	9,74,35,194.00
ഓഡിറ്റ് വർഷത്തെ ചെലവ്	8,37,74,401.00
നീക്കിയിരിപ്പ്	1,36,60,793.00

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി/ലാപ്സായതുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	14014191	14014191	12772844	1241347
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	6555892	6555892	5707932	847960
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	67000	67000	12000	55000
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	8915000	8915000	8915000	0
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	3456681	3456681	3456681	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ബേസിക് (ACR പ്രകാരം)		0	7678955	7678955	6244449	1434506
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ടൈഡ് (ACR പ്രകാരം)		0	4660000	4660000	2786997	1873003
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	0	2,74,71,122	2,74,71,122	2,74,71,122	0
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	0	12,40,046	12,40,046	11,48,584	91462

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
241	12,09,65,558	186	6,04,53,488		55	77.17%

1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച	ഗുണഭോക്താക്കളുടെ

	തുക	എണ്ണം
കർഷകതൊഴിലാളി പെൻഷൻ	62,64,100	301
വിധവാപെൻഷൻ	2,17,15,900	1098
വാർദ്ധക്യകാലപെൻഷൻ	2,52,61,400	1400
വികലാംഗപെൻഷൻ	59,35,400	312
അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ	26,72,300	131

1-7 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2022 തിയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 566/- രൂപയുടെ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ യഥോചിതം പരിപാലിച്ചു പോരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മരാമത്തു പ്രവൃത്തിയുടെ കാര്യത്തിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, കേരള പൊതുമരാമത്തു വകുപ്പ് മാനുവൽ എന്നിവ പൂർണമായും പാലിച്ച് മരാമത്തു പ്രവൃത്തികൾ നിവർത്തിച്ചിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു

1-9 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-10 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ " ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ " ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ "-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1920971	1914899	10118	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1920971	1903965	10118*	0*
	(ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410101-Advance Collection - PT On Res. Bldg -ന്റെ ലെഡ്ജർ)	*(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-11 വസ്തു നികുതി-റെസിഡെൻഷ്യൽ(കൂടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	10454	10455	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	0*	13912	0**
	*(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-12 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2057515	2005517	15647	40785
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	2057515	2004196	15647*	40787**
	(ഇൻകം & എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	**(42826/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-13 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	73781	0	73781
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	73784	3456	73784
	(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(42823+34650=77473/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	**(77473/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-14 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	97632	529	98161	97099	528	97627	666		0	0	0
	നോൺ-റെസിഡൻഷ്യൽ	106344	3692	110036	100786	0	100786	910		2041	3692	5733
	ആകെ	208197			198413			1576		5733		
		197513			196439				0	5733		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		3692+193821= 197513(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies ലെഡ്ജർ 2020-21)			(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്))				(431910101 -State Govt. Cess/levies. ലെഡ്ജർ 20			

1-15 സഞ്ചയ" ഗണിതക്രിയയിൽ വ്യത്യാസം

സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും

ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: ഖ 1-10, 1-11, 1-12, 1-13, 1-14 എന്നിവയിലെ പട്ടികകൾ).

1-16 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	325407	312567
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	61738	59580

1-17 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ 122 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” (സാംഖ്യ), “110100102-Property Tax On Non Residential Building” (ILGMS) എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 എൻട്രികൾ വീതം മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 196439 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 198413 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 203976 രൂപയാണ്. {വൌച്ചർ 42000590, 42000591 (97632+106344=203976)}(പട്ടിക 1-14 കാണുക)

1-19 വാടക-ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ

അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 1-17 ൽ ചേർത്തിട്ടുണ്ട്)

ക്രമ നം.	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent From Building	188052	01.10.2020	42000183

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-20 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

Ii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

Iii) ഡി&ഒ ഡിമാന്റ് രജിസ്റ്റർ

Iv) വാടക ഡിമാന്റ് രജിസ്റ്റർ

V) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

Vi) ലേലം രജിസ്റ്റർ

1-21 ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

മുറി വാടക/ലേലം

ഇനം	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	എഴുതി തള്ളിയത്	ബാലൻസ്
വാടക (വാർഷിക കണക്ക് പ്രകാരം)	156162	156162	0	0	0
വാടക (രജിസ്റ്റർ പ്രകാരം)	169128	169128	0	0	0
ലേലം -Fish Farm Products (വാർഷിക കണക്ക് പ്രകാരം)	138800	36100	0	0	0
ലേലം (രജിസ്റ്റർ പ്രകാരം)	388800	388800	0	0	0

1-22 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ	വരുമാനം	മുൻകൂർ ശീർഷകം	31/3/2021 ലെ

നം.			മുൻകൂർ തുക
1	തൊഴിൽ നികുതി	350410102-Advance Collection Of Revenues-Profession Tax /Inst/trad/prof	142690
2	ഡി &ഒ	350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades	253900

1-23 ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എ)ച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-25 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല

വാർഷികകണക്കിനോടൊപ്പം കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

1-26 ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ ഇല്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5573415/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-27 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 5,000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-28 തൊഴിലുറപ്പ് പദ്ധതി മൂലധനചെലവ് ആസ്തിയാക്കിയില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 28707188/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ വിവിധ റോഡുകൾ നിർമിക്കുന്നതിനുള്ള 2585166/- രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	തുക
1	കുളമ്പ് റോഡ് കോൺക്രീറ്റിംഗ് ഘട്ടം 3	481455
2	ഇരുമ്പശ്ശേരി റോഡ് സൈഡ് കെട്ടൽ, കോൺക്രീറ്റിംഗ് വാർഡ് 6	477756
3	നായ്ക്കര വിളക്കത്തല റോഡ് കോൺക്രീറ്റിംഗ്	435003
4	പാലംകുന്ന് റോഡ് കോൺക്രീറ്റിംഗ്	394693
5	കുലയരാട്ടിൽ റോഡ് കോൺക്രീറ്റിംഗ്	467821
6	മുള്ളൂർക്കര വരവൂർ റോഡിൽ നിന്നും ഒടുങ്ങാട്ട് പടി വരെ റോഡ് കോൺക്രീറ്റിംഗ്	328438

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 2585166/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 2585166/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

1-29 ക്ലോസിങ് സ്റ്റോക്ക് കൃത്യത പരിശോധിക്കാനായിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)}

1-30 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ രജിസ്റ്റർ പ്രകാരമുള്ള 31.03.2021 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7/B-12/B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-31 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ലഭ്യമായിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ "-ൽ ലഭ്യമായിട്ടില്ല. {കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)}

ക്രമ നം.	ബാങ്ക്	ശീർഷകം	റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ	നീക്കിയിരിപ്പ് തുക (31.03.2021 പ്രകാരം)
1	Nationalized Bank Account Of Own Revenue Fund	450210101	2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ	48537

മേൽ സൂചിപ്പിച്ച അക്കൗണ്ടിന്റെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-32 Capital Work In Progress കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/2021 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021-ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 31/3/2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന 3813378 രൂപയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-33 വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വായ്പയിനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം 31/3/2021-ൽ 7611766/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-34 ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Group Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-35 സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം – നീക്കിയിരിപ്പുകളിലെ വ്യത്യാസം

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 20/10/20 വരെ സാംഖ്യ സോഫ്റ്റ്വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 21/10/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS-ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1) Opening Balance Sheet

31/3/20-ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

2) പുതിയ സോഫ്റ്റ്വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

20/10/20 വരെ സാംഖ്യ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1. Receipt And Payment Statement

സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള ശീർഷകം	സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള 20/10/20-ലെ	ILGMS പ്രകാരമുള്ള ശീർഷകം	ILGMS-ലെ 21/10/20 ലെ മുന്നിരിപ്പ്	വ്യത്യാസം

	നീക്കിയിരിപ്പ്			
220800199 - Other Admnistrative Expenses	173401	220800199	173801	400

2.2. Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല.

2.3. Balance Sheet

ILGMS-ൽ Opening Balancesheet (1/4/20 പ്രകാരമുള്ളത്) രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (20/10/21) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS-ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS-ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള ശീർഷകം	സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള 20/10/20ലെ നീക്കിയിരിപ്പ്	ILGMS പ്രകാരമുള്ള ശീർഷകം	ILGMS ലെ 20/10/20 ലെ നീക്കിയിരിപ്പ്
--	--	320100121-Centrally Sponsosred Schemes -ICPS	323126
320100121-Centrally Sponsosred Schemes -ICDS	1034341	320100125-Centrally Sponsosred Schemes -ICDS	989051
320300102-Jalanidhi	487274	320300102-Jalanidhi	581226
320300103-Total Sanitation	180000	320300103-Total Sanitation	320000
--	--	320300199-Grants, Funds From Other Govt. Agenecies	1501878
320700204 - Contribution For Joint Venture – Block Panchayath	2194078	320700204 - Contribution For Joint Venture – Block Panchayath	3579078
350200301- Recoveries Payable - Covid	559762	--	--
330500201-Secured Loans	6997333	330500201-Secured Loans	7611765
340100103-Bidders EMD	89840	340100103-Bidders EMD	90590
340200102-Auction Deposit	25050	340200102-Auction Deposit	146513
Schedule B-9– Other Liabilities (Sundry Creditors)	624876.50	Schedule B-9– Other Liabilities (Sundry Creditors)	1332971.50
Schedule B-11– Fixed Assets	53472954	Schedule B-11– Fixed Assets	806630
Schedule B-15 – Sundry Debtors (Receivables)	3114710	Schedule B-15 – Sundry Debtors (Receivables)	3553955
B-18 Loans, Advances And Deposits	3003292	B-18 Loans, Advances And Deposits	3644236

1-36 ILGMS ട്രയൽ ബാലൻസ് ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ്

ILGMS-ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്- നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു.

ട്രയൽ ബാലൻസിൽ അതിന്റെ പേരു സൂചിപ്പിക്കുന്നതു പോലെ തന്നെ ഒരു ശീർഷകത്തിൽ ആ കാലയളവിലെ ട്രാൻസാക്ഷനുകൾക്ക് ശേഷമുള്ള നീക്കിയിരിപ്പ് (ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ്) നീക്കിയിരിപ്പാണ് വരേണ്ടത്. നീക്കിയിരിപ്പ് കോളത്തിൽ ഡെബിറ്റ് /ക്രെഡിറ്റ് നീക്കിയിരിപ്പുകൾ

ചേർക്കേണ്ടതില്ല. എന്നാൽ ILGMS-ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്-നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു. ഇത് അക്കൗണ്ടിംഗ് തത്വങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. IKM മുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഈ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പുകളുടെ വ്യത്യാസമാണ് നീക്കിയിരിപ്പായി Income & Expenditure Account, Balance Sheet എന്നിവയിലേക്ക് വന്നിരിക്കുന്നത്.

1-37 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		166022110
ആകെ ചെലവ് (B)		166433276
മിച്ചം തുക C= A-B		-411166
Prior Period Income	2468	
Prior Period Expenditure	0	
Net Difference Between Prior Period Income And Expenses (D)		2468
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D		-408698

എന്നാൽ ഫോർമുല പ്രകാരം (E) = C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -411166 ൽ നിന്നും 2468 കുറച്ചപ്പോൾ ലഭിച്ച 413634 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/21 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ -408698 രൂപ തന്നെയാണ്.

31/03/21 ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	10233798.5
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D	-408698
31/03/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	10103986.50

സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

1-38 Other Rents Receivables (Current) നെഗറ്റീവ് തുക രേഖപ്പെടുത്തിയിരിക്കുന്നു

431400198 എന്ന ശീർഷകത്തിൽ Other Rents Receivables (Current) എന്നയിനത്തിൽ (-1518) എന്ന നെഗറ്റീവ് തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

1-39 ILGMS ൽ കാൻസൽ ചെയ്ത രശീതികളുടെ അനുബന്ധ ഫയൽ ലഭ്യമാകുന്നില്ല.

ILGMS സോഫ്റ്റ്വെയറിൽ ലഭ്യമായ കാൻസലേഷൻ റിപ്പോർട്ട് പ്രകാരമുള്ള ചില രശീതികളുടെ വിവരം താഴെ ചേർക്കുന്നു.

രശീതി നമ്പർ	തീയതി	തുക
1210000042	04.10.2021	841455
1210000106	13.12.2021	297691
1210000107	10.02.2022	297691
1210000096	10.02.2022	4000
1210105549	31.03.2022	36763

ഇവ കാൻസൽ ചെയ്തതിന്റെ ഫയൽ സേഫ്റ്റ്വെയറിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. രശീതികൾ കാൻസൽ ചെയ്യുന്നതിനുണ്ടായ കാരണം സഹിതം റിപ്പോർട്ട് ആക്കിയ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് സാങ്കേതികമായ സാഹചര്യം ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം. 26/13.07.2022)

1-40 തൊഴിൽ നികുതി - അപാകതകൾ

I) 2020-21 വർഷം പഞ്ചായത്തിലെ വിവിധ പ്രവൃത്തികളുടെ കരാറുകാരായ എം.എച്ച്.അബ്ജുൾ നൗഷാദ്, രാമകൃഷ്ണൻ.പി.കെ, പി.എം.വീരാൻകുട്ടി, സുലൈമാൻ.എ.എം, മുഹമ്മദാലി.എം.എം, യൂസഫ്.എ.എം, അഷറഫ് എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

II) സതേൺ റയിൽവേ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/07.07.2022 നുള്ള മറുപടിയിൽ ക്രമ നം. 1 ൽ പറയുന്ന കരാറുകാർ മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും ക്രമ നം. 2 ലെ റെയിൽവേ ജീവനക്കാർ ഡിവിഷനിലാണ് അടവാക്കുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-41 വാടക - അപാകതകൾ

1) വാടക സംബന്ധിച്ച ബൈലോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുള്ളത്. അംഗീകാരം ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ് , കളക്ഷൻ എന്നിവ 1,69,128/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 1,56,162/- രൂപയാണ്. ILGMS വഴി കണക്ക് സമർപ്പിച്ചപ്പോൾ വന്ന തിരുത്ത് മൂലമാണ് വ്യത്യാസം വന്നത് എന്നാണ് കാരണമായി അറിയിച്ചിട്ടുള്ളത്. യഥാർത്ഥ ഡിമാന്റ് തുകയായ 169128/- രൂപ പൂർണ്ണമായും അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

3) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും വികലാംഗർക്കും സംവരണം നൽകിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സംവരണം പാലിക്കേണ്ടതാണ്.

1-42 ലേലം - രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുത്തേണ്ടതാണ്

ലേലം രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1) ലേലം രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ എന്നിവ 3,88,800/- രൂപയാണ്. ഇത് ഏതൊക്കെ ലേലത്തിന്റെ തുക ഉൾപ്പെട്ടതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അതേസമയം വാർഷിക കണക്ക് പ്രകാരം Sale Of Fish Farm Products - 1,38,800/-, Sale Of Scrap/waste Materials –3,304/-, Auction Of Obsolete Assets – 1,59,129/-, Miscellaneous Sales –59,796/- എന്നിങ്ങനെ ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ ഡിമാന്റ് ആയി ചേർത്തിട്ടുണ്ട്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) 16.06.2020 തീയതിയിലെ ഭരണ സമിതി തീരുമാനം നം. 1(1) പ്രകാരം വാഴക്കോട് കുളം –43,000/-, നായാടികുളം -18,200/-, മണലാടി കുളം -17,750/-, മേലേകുളം -5,000/-, കോട്ടകുളം -41,500/-, ചണ്ടികുളം 10,250/-, അയ്യംകുളം 3,350/-, അയ്യപ്പകുളം 2,300/- എന്നിങ്ങനെ മൊത്തം 1,41,350/- രൂപയും കൂടാതെ ജി.എസ്.ടി യും അടവാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതുപോലെ തന്നെ 11.08.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം. 37(1) പ്രകാരം പുനർലേലം നടന്ന വാടാച്ചികുളം -3,250/-, നായാട്ടുകുളം -3,200/-, പുത്തൻകുളം 3,300/-, ചക്കൻകുളം -3,100/-, വളവ് സെന്റർ കുളം -8,000/- എന്നിങ്ങനെ തുകകൾക്കും ലേലം അനുവദിച്ച് നൽകിയിട്ടുണ്ട്. വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും മേൽ രേഖപ്പെടുത്തിയ ലേല തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/07.07.2022) ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS ലേക്ക് ക്യാരി ഓവർ ചെയ്തതിൽ വന്ന തെറ്റ് മൂലമാണ് അപാകത സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-43 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) 2017-ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുകയും ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കേണ്ടതുമാണ്.

2) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4) വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

5) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) അപേക്ഷകളിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഈടാക്കിയ ഫീസ് സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

7) അമല ഇൻഡസ്ട്രീസ്, വാഴക്കോട് എന്ന ക്രഷറിന്റെ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള മിനറൽസ് (പ്രിവെൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ 2015, ചട്ടം 13(1) പ്രകാരമുള്ള ഫോം ജി ഡീലേഴ്സ് ലൈസൻസിന്റെ കാലാവധി 25.07.2020 വരെ മാത്രമാണ്. പുതുക്കിയ ലൈസൻസ് ഹാജരാക്കേണ്ടതാണ്. മേൽ ചട്ടം 9 പ്രകാരമുള്ള ഫോം ഡി സർട്ടിഫിക്കറ്റ്, ഫാക്ടറീസ് & ബോയ്ലേഴ്സ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള നിരാക്ഷേപ പത്രത്തിന്റെ കാലാവധി 30.06.2020 വരെ മാത്രമാണ്. പുതുക്കിയ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്.

8) 06.07.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം. 35(1) പ്രകാരം അമല ഇൻഡസ്ടീസ് എന്ന കരിങ്കൽ ക്വാറി (സർവ്വേ നം.488Pt, 499/2) നടത്തുന്നതിന് കെ.സി.ലൂയീസ്, കുരുതുകുളങ്ങര, വടക്കാഞ്ചേരി എന്നവർ സമർപ്പിച്ച അപേക്ഷയിൽ നിയമാനുസൃത രേഖകൾ ഹാജരാക്കി ഫീസ് അടക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇതിന്റെ തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

9) സ്റ്റാർ പ്ലാസ്റ്റിക്സ് മുള്ളൂർക്കര എന്ന സ്ഥാപനത്തിന് വിവിധ കെട്ടിട നമ്പറുകളിലായി മൂന്ന് ലൈസൻസുകൾ അനുവദിച്ചതായി കാണുന്നുണ്ട്. ഇവയ്ക്കെല്ലാം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള ഒരു നിരാക്ഷേപ പത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഫാക്ടറീസ് & ബോയ്ലേഴ്സ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ലൈസൻസ് അനുവദിക്കാനുണ്ടായ കാരണം അറിയിക്കുകയുണ്ടായില്ല.

10) 06.07.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം. 38(1) പ്രകാരം സ്റ്റാർ പ്ലാസ്റ്റിക്സ് മുള്ളൂർക്കര എന്ന സ്ഥാപനത്തിന്റെ 907.57 HP യുടെ ഉപയോഗം കൂട്ടുന്നത് സംബന്ധിച്ച അപേക്ഷയിൽ കൂടുതലായി സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് നിയമാനുസൃത ഫീസ് അടവാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫീസ് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

11) ഗോപാൽ ഇൻഡസ്ട്രീസ്, കെ&വി മെറ്റൽ ക്രഷിംഗ് ഇൻഡസ്ട്രീസ് എന്നിവിടങ്ങളിലെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിവ് നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

12) തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.06.2021-ലെ ബി7-4777/2021 നം. കത്ത് പ്രകാരം അനുമതിയോടു കൂടി നടത്തുന്ന ക്വാറികളുടെയും അനുമതിയില്ലാതെ അനധികൃതമായി നടത്തുന്ന ക്വാറികളുടെയും വിവരങ്ങളുടെ റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള ക്വാറികളുടെ വിവരം ശേഖരിച്ച് ക്രോഡീകരിച്ചത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം. 07/07.07.2022)

1-44 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.7, തീയതി 19.06.2022)

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി	രൂപീകൃതമായ വർഷം/തീയതി	ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ
അലോപ്പതി വിഭാഗം, എഫ്.എച്ച്.സി, മുള്ളൂർക്കര	വിവരം ലഭ്യമാക്കിയിട്ടില്ല	വിവരം ലഭ്യമാക്കിയിട്ടില്ല
ആയുർവ്വേദ വിഭാഗം, ജി.എ.ഡി, ഇരുനിലംകോട്	06.03.2021	---
ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, മുള്ളൂർക്കര	മെയ് 2021	--

1-45 ലൈഫ് ഭവനപദ്ധതി (എസ് സി)

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ എസ് സി വിഭാഗത്തിലുള്ളവർക്കായുള്ള ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ശ്രീമതി വിദ്യ സൂരജ്, അപ്പാനത്ത് പറമ്പിൽ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനയി 7-2-20 ന് 40000 രൂപയും 22-10-2020 ന് 160000 കൂടി ആകെ 200000 രൂപ അനുവദിച്ചിരുന്നു. എന്നാൽ ഇവരുടെ വീടിന്റെ തറ പണി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക്(3/6.7.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താവിന്റെ കുടുബപ്രശ്നങ്ങൾ മൂലമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായതെന്നും നിരവധി തവണ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടും ഫോൺ മുഖാന്തിരവും അറിയിപ്പുകൾ നല്കിയിരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേയ്ക്കായ് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-46 വനിതാ കാന്റീനിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ - 1,99,600/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം., പേര്- 164/21, വനിതാ കാന്റീനിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് - 1,99,600/- (വൗച്ചർ നം.22000332 തി. 12.04.2020 (വികസനഫണ്ട് ജനറൽ)

മേല്പറഞ്ഞ പ്രോജക്ടിൽ ജനകീയ ഹോട്ടലായി പ്രവർത്തിച്ചു വരുന്ന വനിതാകൃാന്റീനിലേയ്ക്ക് ടേബിൾ, കസേര, അലമാര തുടങ്ങിയവ തുളസി ഫർണിച്ചർ & ഹോം അപ്ലയൻസസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന മോണിറ്ററിംഗ് റിപ്പോർട്ടും ഇല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.18/11.07.2022) മറുപടിയായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ആയത് കൈപ്പറ്റിയതിന്റെ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയില്ല. ആയതിനാൽ ചെലവുതുക 1,99,600/- രൂപ തടസ്സപ്പെടുത്തുന്നു.

1-47 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ജല അതോറിറ്റിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം, പേര്	നൽകിയ തുക	വൗച്ചർ നം., തിയതി
1	207/21 നെടുങ്ങോട്ടുമുക്ക് പൈപ്പ് ലൈൻ നീട്ടൽ	100000 ധനകാര്യകമ്മീഷൻ ഗ്രാന്റ്	22000847/ 13.10.2020
2	143/21 നസ്രത്ത് സെന്റർ പൈപ്പ് ലൈൻ നീട്ടൽ	250000 ധനകാര്യകമ്മീഷൻ ഗ്രാന്റ്	22000737/ 24.03.2021

തുക നൽകിയ ശേഷം 05.07.2021 ലാണ് ജല അതോറിറ്റിയുമായി കരാർ ചമച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖ സ ഉ.(കൈ) നം.11/2018 ത.സ്വ.ഭ.വ./29.01.2018 ഖണ്ഡിക11.2 പ്രകാരം കരാറിൽ ഏർപ്പെട്ടശേഷമേ തുക ഡെപ്പോസിറ്റ്

ചെയ്യാവൂ. കരാറിൽ പൂർത്തീകരണ തിയതി വ്യക്തമാക്കിയിട്ടുമില്ല. മാർഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻകയറി (നം.14/11.07.2022).

1-48 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ക്രമ നം.	പ്രോജക്ട് നം., പേര്	നൽകിയ തുക	വൗച്ചർ നം., തിയതി	റിമാർക്സ്
1	29/21 ഐ കെ എം വിഹിതം	116357 (വി.ഫ.ജനറൽ)	22000831/ 23.09.2020	ഐകെഎം ന് നൽകിയത്, വിനിയോഗസാക്ഷ്യപത്രം ഇല്ല
2	120/21 ക്യാൻ,തൃശൂർ	100000 (വി.ഫ.ജനറൽ)	22000598/ 03.11.2020	ജില്ലാപഞ്ചായത്തിന് നൽകിയത് വിനിയോഗസാക്ഷ്യപത്രം ഇല്ല
3	123/21 എ.ബി.സി പദ്ധതി	100000 (വി.ഫ.ജനറൽ)	22000640/ 12.01.2021	കുടുംബശ്രീ തൃശൂർ ജില്ലാ മിഷന് നൽകിയത്, വിനിയോഗസാക്ഷ്യപത്രം ഇല്ല (2019-20,2020-21വർഷങ്ങളിലായി 2,00,000/- രൂപ കൈമാറി. 79800/-രൂപ യുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചു.

ഓഡിറ്റ് എൻകയറി (നം.14/11.07.2022)

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്.

1-49 വനിതാ കാന്റീനിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ - 60000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം, പേര്- 136/21, വനിതാ കാന്റീനിലേയ്ക്ക് ഉപകരണങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 65,000 (വികസനഫണ്ട് ജനറൽ)

25,000 (ഗുണഭോക്തൃ വിഹിതം)

ചെലവ്- 60,000 (വൗച്ചർ നം.22000602 തി. 06.11.2020 (വികസനഫണ്ട് ജനറൽ)

ജനകീയ ഹോട്ടലായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ നടത്തുന്ന വനിതാ ക്യാന്റീനിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പ്രോജക്ടാണ് ഇത്. ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം വനിതാ കാന്റീനിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ, സ്റ്റൗ, ഫ്രിഡ്ജ് എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

അലമാര,റാക്ക് എന്നിവയ്ക്കുള്ള അടങ്കൽ-40000+15000=55000

സ്റ്റൗ, ഫ്രിഡ്ജ് എന്നിവയ്ക്കുള്ള അടങ്കൽ-25000+10000=35000

യൂസഫ് മലബാർ ട്രേഡിംഗ് എൽ.പി.പി, ഏലംകുളം, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന അടുക്കള ഉപയോഗത്തിനുള്ള പാത്രങ്ങളാണ് വാങ്ങിയിട്ടുള്ളത്. ജനകീയ ഹോട്ടലുകൾ ആരംഭിക്കുവാൻ നിർദ്ദേശിച്ചുള്ള സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ. തീ.6.3.20 ഖ.1.5-ൽ ഹോട്ടലിന് ആവശ്യമായ പാത്രങ്ങൾ കുടുംബശ്രീ ലഭ്യമാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി തുകയൊന്നും പിരിച്ച് ചെലവാക്കിയിട്ടില്ല. (ഓഡിറ്റ് എൻകയറി നം.16/11.07.2022) ഓഡിറ്റ് എൻകയറിയ്ക്ക് പഞ്ചായത്ത് വക ക്യാന്റീൻ ആയതിനാലാണ് പാത്രങ്ങൾ വാങ്ങിയത് എന്ന് മറുപടി നല്കി. അംഗീകാരം ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി പ്രോജക്ട് നടപ്പാക്കിയതിനാലും സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാലും ചെലവുതുക 60000/-രൂപ തടസ്സപ്പെടുത്തുന്നു.

1-50 വനിതാ ഫിറ്റ്നെസ് കേന്ദ്രത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ - 2,83,835/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം., പേര്- 126/21, വനിതാ ഫിറ്റ്നെസ് കേന്ദ്രത്തിലേയ്ക്ക് ഉപകരണങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ് - 283835 (വൗച്ചർ നം.22000755 തി. 29.03.2021 (വികസനഫണ്ട് ജനറൽ)

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഫിറ്റ്നെസ് സെന്റർ

ആരംഭിക്കുന്നുണ്ടെന്നും ആയതിലേയ്ക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് ഉദ്ദേശിച്ചുള്ള പ്രോജക്ടാണ് ഇത്. ഫിറ്റ്നെസ് സെന്റർ തുടങ്ങുന്നതിനുള്ള കമ്മിറ്റി തീരുമാനം,ആയതിന്റെ പ്രവർത്തനങ്ങൾ ചുമതലപ്പെടുത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഫിറ്റ്നെസ് സെന്ററിന്റെ നിലവിലെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയില്ല.

ഫിറ്റ്നെസ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആർക്കാണ് കൈമാറിയത് എന്നത് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല.

സേവന മേഖലയിൽ കലാസാംസ്കാരിക കായിക പ്രോത്സാഹനം ഉപവിഭാഗത്തിൽപെടുത്തിയാണ് പ്രോജക്ട് തയ്യറാക്കിയിട്ടുള്ളത്. എന്നാൽ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ. തി. 14.02.2018 മാർഗരേഖ പ്രകാരം പ്രസ്തുത ഉപവിഭാഗത്തിൽ ഫിറ്റ് നെസ് സെന്റർ ഉൾപ്പെടുന്നില്ല. (ഓഡിറ്റ് എൻകയറി നം.17/11.07.2022) ഓഡിറ്റ് എൻകയറിയ്ക്ക് നൽകിയ മറുപടിയിൽ സ്റ്റോക്ക് സാക്ഷ്യപ്പെടുത്തി സമർപ്പിച്ചെങ്കിലും മറ്റു കാര്യങ്ങൾക്ക് തൃപ്തികരമായി മറുപടി നൽകിയില്ല.

ആയതിനാൽ ചെലവുതുക 2,83,835/- രൂപ തടസ്സപ്പെടുത്തുന്നു.

1-51 കാട്ടേഷൻ/ടെണ്ടർ നടപടികളിലെ അപാകതകൾ

കാട്ടേഷൻ/ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളിൽ സർക്കാർ മാർഗനിർദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകാണുന്നില്ല. ജി.ഒ(പി)നം.7/19/എസ്.പി.ഡി തി. 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM (ഗവണ്മെന്റ് ഇ-മാർക്കറ്റ് പ്ളേസ്) മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിയ്ക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം മറ്റു മാർഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ GeM മുഖേനയല്ലാതെയാണ് പഞ്ചായത്തിൽ കൂടുതൽ പർചേയസുകൾ നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പാലിച്ച് പർചേയസുകൾനടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നം.15/11.07.2022)

1-52 ഇലക്ട്രിക് പ്രവൃത്തികൾക്ക് സൂപ്പർ വിഷൻ ചാർജ് അധികം നൽകി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works -B) 01.03.2019-ലെ സർക്കുലർ നം.18/2019/ ഫിൻ ഖണ്ഡിക 6പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം, പേര്	ചെലവു തുക, വൗച്ചർ നം, തിയതി	നൽകിയ തുക	നൽകാവുന്നത്	അധികം നൽകിയത്
1	135/21 ആറ്റൂർ എടലംകുന്ന് താമറ്റൂർപടി കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങി കുടിവെള്ളം ലഭ്യമാക്കൽ	148050 22000628/02.12.2020 (ധനകാര്യകമ്മീഷൻ അവാർഡ്)	5694	5084 (127104x4%)	610
2	48/21 കോൺഫറൻസ് ഹാൾ വയറിംഗ്	148435 22000646/12.01.2021 (വികസനഫണ്ട് നോൺറോഡ്)	15324	13683 (342064x4%)	1641
3	244/21ആറ്റൂർകുടിവെള്ള പദ്ധതി മോട്ടോർ വാങ്ങലും ഇലക്ട്രിഫിക്കേഷനും	44643 വികസനഫണ്ട് ജനറൽ 22000731/17.03.2021	5361	4932 (123293x44%)	429
4	146/21 വയോജനപാർക്ക് വൈദ്യുതീകരണം	149502 22000756/29.03.2021 വികസനഫണ്ട് ജനറൽ	5750	5134 (128350x4%)	616

5	140/21 വനിതാ പരിശീലനകേന്ദ്രത്തിൽ ഇലക്ട്രിഫിക്കേഷൻ	153109 22000641/12.01.2021 വികസനഫണ്ട് ജനറൽ	6293	5619 (140487x4%)	674
6	46/21 ഇന്ദിരാപ്രിയദർശിനി കല്യാണമണ്ഡപം റിവയറിംഗ്	209779 22000613/15.09.2020 തനത് ഫണ്ട്	9594	8566 (214160x4%)	1028
7	213/21 അയ്യപ്പൻകോളനി, മണ്ഡലം കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ	275627 22000627/02.12.2020 വികസനഫണ്ട് എസ് സി പി	5413 5226	5040 (125990x4%) 4857 (121422x4%)	742
8	49/21 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ നടത്തി ലൈറ്റ് സ്ഥാപിക്കൽ	389011 (2200084/27.8.2020) 55989 (22000644/12.01.21) തനത് ഫണ്ട്	14962(27.8.2020) 3236(12.01.21)	16859 (421473x4%)	1339
9	210/21 മത്സ്യക്ലബ് വയറിംഗ്	100745 (22000334/17.4.20) 5054 (22000337/5.6.20) (വികസനഫണ്ട് നോൺറോഡ്)	5027(17.04.2020)	4488 (112213x4%)	539

ആകെ അധികം-7618/- രൂപ

(ഓഡിറ്റ് എൻകവയറി നം.20/11.07.2022).

ഓഡിറ്റ് എൻകവയറിയ്ക്ക് നൽകിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച എസ്റ്റിമേറ്റിൽ 4% സൂപ്പർ വിഷൻ ചാർജ് നൽകുകയാണ് ചെയ്തത് എന്ന് മറുപടി നൽകി. മറുപടി തൃപ്തികരമല്ല. അധികം നൽകിയ തുക 7618/- രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-53 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

(ഓഡിറ്റ് എൻകവയറി നം. 1തിയ്യതി 6-7-'22)

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-54 മെഡിക്കൽ ആഫിസർ, പി.എച്ച്.സി-- മരുന്നുകൾ KMSCL ൽ നിന്ന് വാങ്ങിയിട്ടില്ല

ഓഡിറ്റ് എൻകവയറി നം. 13 തീ. 6-7-22

പ്രോജക്ട് നം. 105/20-21

ട്രഷറി ബിൽ നം.11/25.3.21, തുക –1,33,840/-

ട്രഷറി ബിൽ നം.12/25.3.21, തുക – 2,30,448/-

പ്രോജക്ട് നം. 107/20-21

ട്രഷറി ബിൽ നം.3/24.9.20, തുക –2,19,630/-

ട്രഷറി ബിൽ നം.8/18.3.21, തുക –64,681/-

ട്രഷറി ബിൽ നം.9/18.3.21 തുക –1,85,319/-

ഓഡിറ്റ് കാലയളവിൽ പ്രോജക്ട് നം. 105/20-21 പ്രകാരം ₹ 3,64,288- പ്രോജക്ട് നം. 107/20-21 പ്രകാരം ₹ 4,69,630- എന്നിങ്ങനെ മരുന്നുകൾ വാങ്ങുന്നതിന് ചെലവു ചെയ്തിട്ടുണ്ട്. മരുന്നുകൾ KMSCL നിന്ന് വാങ്ങുന്നതിനു പകരം നീതി മെഡിക്കൽ സ്റ്റോഴ്സ്, കുണ്ടുകാട് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. KMSCL-ന് ഇൻഡന്റ് നൽകി രണ്ടു മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന അടിയന്തിര സാഹചര്യത്തിൽ കാരുണ്യ/നീതി/ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്ന് മരുന്ന് വാങ്ങുന്നതിനാണ് പദ്ധതി മാർഗരേഖ ഖണ്ഡിക 7.5.4 പ്രകാരം അനുമതി നൽകിയിരിക്കുന്നത്. പദ്ധതി മാർഗരേഖക്കു വിധേയമായി മരുന്നുകൾ വാങ്ങുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-55 കാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

ഓഡിറ്റ് എൻകൗയറി നം. 6 തിയ്യതി:6.07.2022
ഓഡിറ്റ് കാലയളവിൽ കാറി മക്ക് ഫില്ലിങ്ങിന് ₹ 1263.348 എന്ന നിരക്ക് നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. (SECURE ഇനം 80.7.2.3) PRICE സോഫ്റ്റ് വെയറിൽ (ഇനം 51.2.3) ഈയിനത്തിന് ₹ 891.01 നിരക്കാണ് നൽകി വരുന്നത്.

ഒരേയിനം പ്രവൃത്തിക്ക് ഒരേ സ്ഥാപനത്തിൽ രണ്ടു വ്യത്യസ്ത നിരക്കുകൾ അനുവദിച്ചു വരുന്നതിലുള്ള അപാകത MNREGA സ്റ്റേറ്റ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

1-56 തൊഴിലുറപ്പു പദ്ധതി -ആദായ നികുതിയിനത്തിൽ ₹ 21960 - ഈടാക്കിയിട്ടില്ല

ഓഡിറ്റ് കാലയളവിൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ സപ്ലൈ ചെയ്തതും ബോർഡുകൾ തയ്യാറാക്കി സപ്ലൈ ചെയ്തതുമായ കരാറുകാരിൽ നിന്ന് 1961-ലെ ആദായനികുതി നിയമം 194 സി വകുപ്പു പ്രകാരം ആദായനികുതി

ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. തുക നൽകിയത് 14-5-20 നു ശേഷം ആകയാലും പാൻ കാർഡുള്ള സാഹചര്യത്തിലും .75% നിരക്കിൽതാഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

(I) സാധനസാമഗ്രികൾ സപ്ലൈ ചെയ്തതയിനത്തിലുള്ള ആദായനികുതി

(എ) കരാറുകാരൻ : ശ്രീ. ഹരിദാസ് PAN ACSPH 5369 P		
പ്രവൃത്തിയുടെ പേര്/കരാർ നമ്പർ	ചെലവു തുക	ആദായനികുതി (.75%)
കുലയരാട്ടിൽ റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 46/20-21 തി. 17-8-20	467777-	3508-
നായ്ക്കര വിളക്കത്തല റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 47/20-21 തി. 17-8-20	435003-	3263-
ആകെ		6771 -

(ബി)കരാറുകാരൻ : ശ്രീ. സന്തോഷ്കു് കുമാർ കെ കെ PAN BHEPS1933G		
ഇരുമ്പശ്ശേരി റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 43/20-21 തി. 2-7-20	477782-	3583-
കുളമ്പ് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 8/20-21 തി. 6-11-20	481466-	3611-
		7194 -

(സി) കരാറുകാരൻ : ശ്രീ. സുലൈമാൻ PAN GCIPS 5680 E		
ഒടുങ്ങാട്ടുപടി റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 14/20-21 തി. 26-2-20	328439-	2463-
		2463-

(ഡി) കരാറുകാരൻ : ശ്രീ. ബി. പ്രശാന്ത് PAN AFGPP 4709 J		
പാലംകുന്ന് റോഡ് കോൺക്രീറ്റിങ്ങ് കരാർ നം. 2/20-21 തി. 5-11-20	394694-	2960 -
		2960 -

(II) വിവിധ നിരക്കിലുള്ള ബോർഡുകൾ തയ്യാറാക്കി സപ്ലൈ ചെയ്തയിനത്തിൽ ശ്രീ. അബൂബക്കർ കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കാനുള്ളത് (കരാർ നം. 48 തി. 17-8-20)

ബോർഡ് നിരക്ക്	എണ്ണം	തുക	ആദായനികുതി
1000	32	32000-	240-
2700	62	167400-	1256 -
3500	41	143500-	1076 -
			2572-

ആദായ നികുതിയിനത്തിൽ താഴെ ചേർക്കുന്നതു പ്രകാരം ₹ 19000- ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

സംക്ഷിപ്തം	
കരാറുകാരന്റെ പേര്	ആദായനികുതി
ശ്രീ. ഹരിദാസ്	6771 -
ശ്രീ. സന്തോഷ്കു് കുമാർ കെ കെ	7194 -

ശ്രീ. സുലൈമാൻ	2463-
ശ്രീ. ബി. പ്രശാന്ത്	2960 -
ശ്രീ. അബൂബക്കർ	2572-
ആകെ	21960-

1-57 കാലി ബാരലിന്റെ വില - GST അടവാക്കേണ്ടതാണ്

ഓഡിറ്റ് എൻകവയറി നം. 13തി. 6-7-22

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവധ കരാറുകാരിൽ നിന്നു ബിറ്റുമിൻ കാലിബാരലുകളുടെ വില ഒന്നുക്ക് ₹ 281- നിരക്കിൽ (238+18% (GST)) –കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം/പ്രത്യേകം ഈടാക്കാതെ - തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. ഇത് ക്രമപ്രകാരമല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	കരാറുകാരുടെ പേരുവിവരങ്ങൾ	ഈടാക്കിയ തുക
1	26/20-21	അബ്ദുൾ അസീസ് എം.എച്ച്	3090-
2	183/20-21	അബ്ദുൾ അസീസ് എം.എച്ച്	5617-
3	194/20-21	അബ്ദുൾ അസീസ് എം.എച്ച്	1686-
4	41/20-21	അബ്ദുൾ നൗഷാദ് എം.എച്ച്	6741-
5	60/20-21	അബ്ദുൾ നൗഷാദ് എം.എച്ച്	10672-
6	172/20-21	അബ്ദുൾ നൗഷാദ് എം.എച്ച്	2247-
7	184/20-21	അബ്ദുൾ നൗഷാദ് എം.എച്ച്	7021-
8	53/20-21	സന്തോഷ്കുമാർ കെ.കെ	2247-
9	171/20-21	സന്തോഷ്കുമാർ കെ.കെ	5898-
10	182/20-21	സന്തോഷ്കുമാർ കെ.കെ	3651-
11	181/20-21	സുബൈർ എസ്.വൈ	2247-
12	193/20-21	സുബൈർ എസ്.വൈ	3651-
13	87/20-21	വീരാൻകുട്ടി പി.എം	1686-
14	169/20-21	വീരാൻകുട്ടി പി.എം	1404-
15	170/20-21	വീരാൻകുട്ടി പി.എം	843-
16	173/20-21	വീരാൻകുട്ടി പി.എം	1685-
17	178/20-21	വീരാൻകുട്ടി പി.എം	2247-
18	192/20-21	വീരാൻകുട്ടി പി.എം	2808-
19	195/20-21	വീരാൻകുട്ടി പി.എം	3090-
ആകെ			68531-

കാലി ബാരലിന്റ വിലയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയ ആകെ₹68531-ൽ ഏകദേശം ₹58077- (68531/118 X 100) കാലി ബാരലിന്റെ വിലയായും ₹ 10454- (68531/118 X 18) ആയതിന്മേലുള്ള GST ആയും ഓഡിറ്റിൽ വിലയിരുത്തുന്നു. കാലി ബാരലിന്റെ വിലയിന്മേലുള്ള GST തുക അടവാക്കേണ്ടതാണ്.

1-58 ഇന്ദിരാപ്രിയദർശിനി കല്യാണ മണ്ഡപം നവീകരണം അപാകതകൾ

നി. ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് എൻകവയറി നം. 22 തി. 4-07-22

മേൽപ്രകാരം പ്രവൃത്തിക്കുവേണ്ടി താഴെ ചേർക്കുന്നതു പ്രകാരം രണ്ടു വ്യത്യസ്ത പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു

(I) പ്രോജ.നം. 99/20-21

അടങ്കൽ

₹ 10,68,000- (തനതു ഫണ്ട്)

₹ 4,32,000- (മെയി.ഗ്രാന്റ്-റോഡിതരം)

ഭരണാനുമതി 1 (1) തി. 10-3-20

സാങ്കേതികാനുമതി -TS 20-21 142087 തി. 25-6-20 ₹ 15,00,000-

കരാർ നം.- 42/AE20-21 LSGD MLK 20-21തി. 21-8-20

കരാറുകാരൻ അബ്ദുൾ നൗഷാദ് എം.എച്ച്

പി.എ.സി. തുക ₹ 13,38,854.61-

വൗ.നം. 22000171 തി.18-12-20 ₹ 4,95,000-

വൗ.നം. 22000178തി.18-12-20₹ 4,73,000-

വൗ.നം. 22000217തി.18-12-20 ₹ 1,00,000-

ട്രഷറി ബിൽ.നം. 151/20-21 തി. 15-1-21 ₹ 2,41,630-

അളവുപുസ്തകം - 427/18-19

(II)പ്രോജ.നം. 246/20-21

അടങ്കൽ

₹ 4,95,000- (തനതു ഫണ്ട്)

ഭരണാനുമതി 1 (1) തി. 10-3-20

സാങ്കേതികാനുമതി -TS 20-21 114506 തി. 13-10-20 ₹ 4,95,000-

കരാർ നം.- 56/AE LSGD MLK 20-21തി. 6-11-20

കരാറുകാരൻ അബ്ദുൾ അസിസ് എം.എച്ച്

പി.എ.സി. തുക ₹ 4,41,935.54

വൗ.നം. 22000498 തി. 24-3-21 ₹ 4,00,000-

അളവുപുസ്തകം - 396/18-19

മേൽപ്രകാരമുള്ള പ്രൊജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1. സർക്കാർ സർക്കുലർ ഇ2 12509/16 സി.ഇ.എൽഎസ്.ജി.ഡി തി. 19-1-17 പ്രകാരം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമാണം നടത്തേണ്ടതാണെന്നും അല്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആയതിന് ഉത്തരവാദികളായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. ഇന്ദിരാപ്രിയദർശിനി കല്യാണ മണ്ഡപം നവീകരണം എന്ന പ്രവൃത്തി സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഒന്നിലധികം പ്രോജക്ടുകൾക്ക് രൂപംനല്കിയും ഒരേ സൈറ്റ് വ്യത്യസ്ത കരാറുകാർക്കു ഏൽപിച്ചു നൽകിയും നടപ്പിലാക്കിയിരിക്കുന്നു.

2. സർക്കുലർ 75326/FM1 2007 ത.സ്വ.ഭ.വ തി. 30-1-2008 പ്രകാരം തനതു ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പടെയുള്ളവയുടെ നിർമാണത്തിനും സംരക്ഷണത്തിനും മെയി.ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല പ്രോജ. നം. 246/20-21 നുവേണ്ടി മെയി.ഗ്രാന്റ് വകയിരുത്തുകയും ചെലവഴിക്കുകയുമുണ്ടായി.

3. പ്രോജ.നം. 99/20-21 ന്റെ കാര്യത്തിൽ ടെണ്ടർ ലഭിച്ചയാൾ₹ 11,47,493.50 എന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഡിൻസ്.കെ.ജോയ് എന്നയാളായിരുന്നു. ഇദ്ദേഹം അസൗകര്യം അറിയിച്ചതിനെത്തുടർന്ന് എസ്റ്റിമേറ്റ് നിരക്കായ ₹ 13,38,854.61 ക്വാട്ട് ചെയ്ത ശ്രീ.അബ്ദുൾ നൗഷാദ് എം.എച്ച് എന്നയാൾക്ക് കരാർ ഉറപ്പിച്ചു നൽകുകയുണുണ്ടായി. ഈയിനത്തിൽ ₹ 1,91,361.11 നഷ്ടം ഉണ്ടായിട്ടുണ്ട്. ടെണ്ടർ ലഭിച്ചയാൾ പ്രവൃത്തി നിർവഹണത്തിൽ നിന്ന് വിട്ടു നിൽക്കുന്ന സാഹചര്യത്തിൽ ഇയാൾ ക്വാട്ട് ചെയ്ത നിരക്കിൽ പ്രവൃത്തി ചെയ്യാമോയെന്ന് തൊട്ടടുത്ത കരാറുകാരനോട് ആരായേണ്ടതും സമ്മതമല്ലായെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുമാണ് കേരള പൊതുമരാമത്തു വകുപ്പു മാനുവൽ വകുപ്പ് 2009.6 നിർദ്ദേശിക്കുന്നത്.

ഇ.എം.ഡി മുതൽകൂട്ടുന്നതിനും ലേലക്കാരനെതിരെ നടപടികൾ സ്വീകരിക്കുന്നതിനും 11-8-'20 ലെ പഞ്ചായത്ത് കമ്മിറ്റി നം. 48(i) ആയി തീരുമാനം എടുത്തിരുന്നു. കേരള പൊതുമരാമത്തു വകുപ്പു മാനുവൽ വകുപ്പ് 2009.6, സ്റ്റാൻഡിങ് ബിഡിങ് ഡോക്യുമെന്റ് ഖണ്ഡിക 6.2 എന്നിവക്കു വിധേയമായി പ്രവൃത്തി നിർവഹണത്തിൽ നിന്ന് വിട്ടു നിന്ന ലേലക്കാരനിൽ നിന്ന് ഇ.എം.ഡി മുതൽകൂട്ടേണ്ടതുമുണ്ട്. ഇപ്രകാരം കരാറുകാരെ സർക്കാർ പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിൽ നിന്നും വിലക്കുന്നതിനും ഇവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു ശുപാർശ ചെയ്യുന്നതിനും സ്റ്റാൻഡിങ് ബിഡ്ഡിങ് ഡോക്യുമെന്റ് ഖണ്ഡിക 6.2 ൽ നിർദേശിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനം അനുസരിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് എൻകയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

മേൽപ്രകാരം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം നികത്തുന്നതിനു നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

1-59 വയോജന ബാലസൗഹൃദ പാർക്ക് നിർമാണം അപാകതകൾ

നി. ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിക്കുവേണ്ടി താഴെ ചേർക്കുന്നതു പ്രകാരം മൂന്ന് വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. സർക്കാർ സർക്കുലർ ഇ2 12509/16 സി.ഇ.എൽഎസ്.ജി.ഡി തി.19-1-17 പ്രകാരം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമാണം നടത്തേണ്ടതാണെന്നും അല്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആയതിന് ഉത്തരവാദികളായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. വയോജന ബാലസൗഹൃദ പാർക്ക് നിർമാണത്തിനു വേണ്ടി തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ നടത്തിപ്പിലുണ്ടായ അപാകതകൾ താഴെ ചേർക്കുന്നു.

(I) പ്രോജ.നം. 223/20-21

അടങ്കൽ

₹ 1,00,000- (പദ്ധതി വിഹിതം - പൊ.വി)

₹ 8,95,000- (മറ്റുള്ളവ-ജി.പ)

ഭരണാനുമതി 1 (1) തി. 10-3-20

സാങ്കേതികാനുമതി -LSGD TS 19-20 90728 തി. 5-9-19

കരാർ നം.- 54/AE LSGD MLK 19-20 തി. 11-12-19

കരാറുകാരൻ അബ്ബുൾ നൗഷാദ് എം.എച്ച്

പി.എ.സി. തുക ₹ 13,34,027.57 (പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 5 (I) തിയ്യതി 20-11- 19)

ട്രഷറി ബിൽ.നം. 107/20-21 തി.8-5-20 ₹ 1,00,000-

ട്രഷറി ബിൽ.നം. 101/20-21 തി.14-5-20 ₹ 2,90,118-

ട്രഷറി ബിൽ.നം. 102/20-21 തി.14-5-20 ₹ 1,50,000-

ട്രഷറി ബിൽ.നം. 104/20-21 തി.14-5-20 ₹ 1,45,000-

ട്രഷറി ബിൽ.നം. 103/20-21 തി. 14-5-20 ₹ 50,000-

ട്രഷറി ബിൽ.നം. 107/20-21 തി.14-5-20 ₹ 93,000-

ട്രഷറി ബിൽ.നം. 106/20-21 തി.14-5-20 ₹1,05,000-

ട്രഷറി ബിൽ.നം. 105/20-21 തി. 14-5-20 ₹55,000-

അളവുപുസ്തകം - 418/18-19 , 362/18-19

ഓഡിറ്റ് എൻകൃയറി നം. 23 തി. 4-07-22

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ലാൻഡ് സ്കേപ്പിങ് ഉൾപ്പടെയുള്ള പാർക്ക് നിർമാണമാണ് സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ അനുബന്ധം 2 പ്രകാരമുള്ള ലാൻഡ് സ്കേപ്പിങ് പ്രവൃത്തികൾ ഒഴിവാക്കി ₹ 5,98,000- ചെലവു ചെയ്ത് ചില ശില്പങ്ങളും പെയിന്റിങ്ങുകളും ഉൾപ്പെടുന്ന ആറു വ്യത്യസ്ത പ്രവൃത്തികൾ പ്രത്യേകം പ്രത്യേകം ചെയ്തിരിക്കുന്നത് പരിശോധനയിൽ കണ്ടു. ബ്രിക്ക്/കോൺക്രീറ്റ് പ്രവൃത്തികൾക്ക് ചെലവു ചെയ്തിട്ടുള്ളത് ₹ 8,90,118-(7,94,747.90+ 95369.64-GST) ആണ്. GST ഒഴിവാക്കി ആകെ ചെലവ് ₹ 13,92,747.90 ((5,98,000+ 7,94,747.90(8,90,118-95369.64)) ആണ്. PAC തുകയായ ₹ 13,34,027- ൽ നിജപ്പെടുത്തി കരാറുകാരന് തുക നൽകാത്തസംഗതിയിൽ ₹ 58720.90 കൂടുതൽ ചെലവു ചെയ്തിട്ടുണ്ട്.

2. മുമ്പ് സൂചിപ്പിച്ചതു പ്രകാരം ₹ 8,90,118-ചെലവു ചെയ്ത് നടത്തിയ പ്രവൃത്തികളുടെ കാര്യത്തിൽ മാത്രമാണ് GST TDS

ഈടാക്കിയിട്ടുള്ളത്. ₹ 5,98,000- ചെലവു ചെയ്ത സംഗതിയിൽ GST TDS ഈടാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ GST അടവാക്കിയത് ഉറപ്പു വരുത്താനായിട്ടില്ല.

(II) പ്രോജ.നം. 232/20-21

അടങ്കൽ

₹ 5,00,000- (തനതു ഫണ്ട്)

₹ 10,00,000- (മറ്റുള്ളവ-ജി.പ)

ഭരണാനുമതി 1 (1) തി. 10-3-20

സാങ്കേതികാനുമതി - എസ്റ്റിമേറ്റ്/സാങ്കേതികാനുമതി എന്നിവ പരിശോധനക്ക് നൽകിയിട്ടില്ല

കരാർ നം.- 40/AE LSGD MLK 20-21തി. 20-8-'20 ₹ 1,75,000-

കരാർ നം.- 41/AE LSGD MLK 20-21തി. 21-8-'20 ₹ 4,75,000-

കരാർ നം.- 39/AE LSGD MLK 20-21തി. 21-8-'20 ₹ 4,30,416-

കരാർ നം.- 45/AELSGD MLK 20-21തി. 7-10-'20 ₹ 2,06,546-

കരാർ നം.- 44/AE LSGD MLK 20-21തി. 7-10-'20 ₹ 2,13,038-

കരാറുകാരൻ അബ്ബുൾ നൗഷാദ് എം.എച്ച്

പി.എ.സി. തുക ₹ 15,00,000-

വൗ.നം. 22000156 തി. 14-12-20 ₹ 25,000-

വൗ.നം. 22000155 തി. 14-12-20 ₹ 4,75,000-

ട്രഷറി ബിൽ.നം. 145/20-21 തി. 15-1-21 ₹ 4,30,416-

ട്രഷറി ബിൽ.നം. 147/20-21 തി. 15-1-21 ₹ 2,06,546-

ട്രഷറി ബിൽ.നം. 146/20-21 തി. 15-1-21 ₹ 2,13,038-

ട്രഷറി ബിൽ.നം. 148/20-21 തി. 23-1-21 ₹ 1,50,000-

അളവുപുസ്തകം - 377/18-19,375/18-19

ഓഡിറ്റ് എൻകൗയറി നം. 24 തി. 4-07-22

മേൽപ്രോജക്ടു പ്രകാരം നിർവഹിച്ച പ്രവൃത്തികൾ താഴെ ചേർക്കുന്നതു പ്രകാരമാണ്

ശില്പം-മുതല ₹ 1,75,000-

കൃത്രിമ പാറക്കൂട്ടങ്ങൾ 1 ₹ 4,75,000-

കൃത്രിമ പാറക്കൂട്ടങ്ങൾ 2 ₹ 4,30,416-

പച്ചപ്പുല്ല് വച്ചു പിടിപ്പിക്കൽ ₹ 2,06,546-

കോട്ട സ്റ്റോൺ പതിക്കൽ ₹ 2,13,038-

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്/സാങ്കേതികാനുമതി എന്നിവ പരിശോധനക്ക് നൽകിയിട്ടില്ല.

2. മേൽ പ്രോജക്ടു പ്രകാരം നാലു പ്രവൃത്തികളാണ് ₹ 15,00,000- ചെലവു ചെയ്തു നിർവഹിച്ചിട്ടുള്ളത്. ഇ-ടെൻഡർ ഒഴിവാക്കുന്ന തരത്തിൽ₹ 5 ലക്ഷം കവിയാത്ത വിധത്തിൽ കാട്ടേഷൻ അടിസ്ഥാനത്തിലാണ് ഓരോ പ്രവൃത്തിയുടെയും ചെലവു തുക കാണുന്നത്. ടെണ്ടർ, റീടെണ്ടർ എന്നിങ്ങനെയുള്ള നടപടിക്രമങ്ങൾ അവലംബിച്ചിട്ടും കരാറുകാർ പ്രവൃത്തിയേറ്റെടുക്കാത്ത സംഗതിയിലാണ് കാട്ടേഷൻ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവഹിക്കാനാവുക. ഇക്കാര്യത്തിൽ ആദ്യം തന്നെ കാട്ടേഷൻ അവലംബിച്ചിട്ടുള്ളത് ക്രമ പ്രകാരമല്ല. കൃത്രിമ പാറക്കൂട്ടങ്ങൾക്കു വേണ്ടി ₹9,05,416 - (4,75,000+ 4,30,416) ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് രണ്ടു വ്യത്യസ്തയിനങ്ങളായാണ് നിർവഹിച്ചിട്ടുള്ളത്.

3. പ്രോജ.നം. 223/20-21 പ്രകാരം ലാൻഡ് സ്കേപ്പിങ് ഉൾപ്പടെയുള്ള പാർക്ക് നിർമാണമാണ് സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത്.ഇക്കാര്യത്തിൽ ചില ശില്പങ്ങളും പെയിന്റിങ്ങുകളും ഉൾപ്പെടുന്ന ആറു വ്യത്യസ്ത പ്രവൃത്തികൾ പ്രത്യേകം പ്രത്യേകം ചെയ്തിരുന്നു. ഇതിനു പുറമെയാണ് മേൽ പ്രോജക്ടു പ്രകാരം വീണ്ടും ശിൽപങ്ങൾക്കു വേണ്ടി തുക ചെലവഴിച്ചിട്ടുള്ളത്.

(III) പ്രോജ .നം. 264/20-21

അടങ്കൽ

₹ 50,000 - (തനതു ഫണ്ട്)

₹ 4,50,000- (മറ്റുള്ളവ –ജി.പ)

ഭരണാനുമതി 1 (1) തി. 10-3-20

സാങ്കേതികാനുമതി –എസ്റ്റിമേറ്റ്/സാങ്കേതികാനുമതി എന്നിവ പരിശോധനക്ക് നൽകിയിട്ടില്ല

കരാർ നം.- 1.64/AE20-21 LSGD MLK 20-21തി. 6-11-'20

2. 65/AE20-21 LSGD MLK 20-21തി. 5-11-'20

കരാറുകാരൻ 1. അബ്ദുൾ നാസർ എം.എച്ച്

2. ARTCO

പി.എ.സി. തുക1. ₹ 79950-

2. ₹ 3,24,408-

വൗ.നം. 2200002 തി. 31-3-21 ₹ 50,000-

ട്രഷറി ബിൽ നം. 176/20-21 തി. 30-3-21 ₹ 3,24,408-

അളവുപുസ്തകം - 410/18-19

ഓഡിറ്റ് എൻകൗയറി നം. 25 തി. 4-07-22

മേൽ പ്രോജക്റ്റു പ്രകാരം കളിയുപകരണങ്ങൾ അലങ്കാര ചെടികളുടെ നടീൽ എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നതു പ്രകാരമാണ്

1. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്/സാങ്കേതികാനുമതി എന്നിവ പരിശോധനക്ക് നൽകിയിട്ടില്ല.

2. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 5 പ്രകാരം വാങ്ങലുകൾ സ.ഉ.(അ) 259/10 ത. സ്വ.ഭ.വ തി.8-11-10പ്രകാരമാണ് നടത്തേണ്ടത്. കളിയുപകരണങ്ങൾ വാങ്ങൽ നടത്തിയ വേളയിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 11 സി. പ്രകാരം ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന് ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. സ.ഉ.(സാധാ) നം.2092/2018 ത.സ്വ.ഭ.വ. തി. 1-8-2018, സ.ഉ.(അ) 77/19 ധന.വ. തി. 4-17-19 എന്നിവ പ്രകാരം ആർട്ട്കോ'വിന്റെ തനതു ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്റീരിയർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO-യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ് ഉത്തരവായിട്ടുള്ളത്.

3. പ്രോജ.നം. 223/20-21 പ്രകാരം ലാൻഡ് സ്കേപ്പിങ് ഉൾപ്പടെയുള്ള പാർക്ക് നിർമാണമാണ് സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത്. ഇതിനു പുറമെയാണ് മേൽ പ്രകാരം പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്.

മേൽപ്രകാരം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സൂപ്പർ വിഷൻ ചാർജ് - 7615/- രൂപ അധികം നൽകി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം., പേര്	ചെലവു തുക, വൗച്ചർ നം., തിയതി	നൽകിയ തുക	നൽകാവുന്നത്	അധികം നൽകിയത്
1	135/21 ആറ്റൂർ എടലംകുന്ന് താമറ്റൂർപടി കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങി കുടിവെള്ളം ലഭ്യമാക്കൽ	148050 22000628/02.12.2020 (ധനകാര്യകമ്മീഷൻ അവാർഡ്)	5694	5084 (127104x4%)	610
2	48/21 കോൺഫറൻസ് ഹാൾ വയറിംഗ്	148435 22000646/12.01.2021 (വികസനഫണ്ട് നോൺറോഡ്)	15324	13683 (342064x4%)	1641
3	244/21 ആറ്റൂർകുടിവെള്ള പദ്ധതി മോട്ടോർ വാങ്ങലും ഇലക്ട്രിഫിക്കേഷനും	44643 വികസനഫണ്ട് ജനറൽ 22000731/17.03.2021	5361	4932 (123293x44%)	429
4	146/21 വയോജനപാർക്ക് വൈദ്യുതീകരണം	149502 22000756/29.03.2021 വികസനഫണ്ട് ജനറൽ	5750	5134 (128350x4%)	616
5	140/21 വനിതാ പരിശീലനകേന്ദ്രത്തിൽ ഇലക്ട്രിഫിക്കേഷൻ	153109 22000641/12.01.2021 വികസനഫണ്ട് ജനറൽ	6293	5619 (140487x4%)	674
6	46/21 ഇന്ദിരാപ്രിയദർശിനി കല്യാണമണ്ഡപം റീവയറിംഗ്	209779 22000613/15.09.2020 തനത് ഫണ്ട്	9594	8566 (214160x4%)	1028
7	213/21 അയ്യപ്പൻകോളനി, മണ്ഡലം കുന്ന് കുടിവെള്ള പദ്ധതി	275627 22000627/02.12.2020 വികസനഫണ്ട് എസ്.സി.പി	5413 5226	5040 (125990x4%) 4857 (121422x4%)	742

	മോട്ടോർ സ്ഥാപിക്കൽ				
8	49/21 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ നടത്തി ലൈറ്റ് സ്ഥാപിക്കൽ	389011 (2200084/27.8.2020) 55989 (22000644/12.01.21) തനത് ഫണ്ട്	14962(27.8.2020) 3236(12.01.21)	16859 (421473x4%)	1339
9	210/21 മത്സ്യക്ലബ് വയറിംഗ്	100745 (22000334/17.4.20) 5054 (22000337/5.6.20) (വികസനഫണ്ട് നോൺറോഡ്)	5027(17.04.2020)	4488 (112213x4%)	539

ആകെ അധികം-7618/- രൂപ

(ഓഡിറ്റ് എൻകയറി നം.20/11.07.2022).
ഓഡിറ്റ് എൻകയറിയ്ക്ക് നൽകിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച എസ്റ്റിമേറ്റിൽ 4% സൂപ്പർ വിഷൻ ചാർജ് നൽകുകയാണ് ചെയ്തത് എന്ന് മറുപടി നൽകി. മറുപടി തൃപ്തികരമല്ല. അധികം നൽകിയ തുക 7618/- രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനാൽ ഖണ്ഡികയിൽ ചേർക്കുന്നില്ല. സംയുക്ത പ്രോജക്ടുകളുടെ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ ചെക്ക് നം.	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KWA	നസ്രത്ത് മനക്കോട്ടകാവ് കുടിവെള്ളപദ്ധതി KWA പൈപ്പ് ലൈൻ നീട്ടൽ		250000	യു.സി ലഭിച്ചിട്ടില്ല	
KWA	നെടുങ്ങോട്ട്മുക്ക് പൈപ്പ് ലൈൻ നീട്ടൽ		100000	യു.സി ലഭിച്ചിട്ടില്ല	

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത് അപൂർണ്ണമാണ്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിവരം.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	

ഹഡ്കോ ലൈഫ് പദ്ധതി	സ.ഉ.(എം.എസ്.) നം.151/2017 /ത.സ്വ.ഭ.വ. തീയതി.31/07/17	82,00,000	76,11,765	ലഭ്യമല്ല		76,11,766

വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിലെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നമ്പർ
	5000	83/05-07-2001
ആകെ	5000	

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	7,72,69,130.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,37,74,401.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	7618
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	5,43,435.00

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		6573	അൻസാർ അഹമ്മദ് കെ എ, , സെക്രട്ടറി
		429	സഫിയ,ഇ വി,സെക്രട്ടറി ഇൻ ചാർജ്
		616	റസീന എ.എ, സെക്രട്ടറി ഇൻ ചാർജ്

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-46	1,99,600	അൻസാർ അഹമ്മദ് കെ എ, സെക്രട്ടറി
1-49	60,000	അൻസാർ അഹമ്മദ് കെ എ, സെക്രട്ടറി
1-50	2,83,835	റസീന എ എ, സെക്രട്ടറി ഇൻ ചാർജ്
ആകെ	5,43,435	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
അൻസാർ അഹമ്മദ് കെ.എ, സെക്രട്ടറി	സെക്രട്ടറി, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	കല്ലൂപ്പറമ്പിൽ വീട്, കണിമംഗലം പി.ഒ, തൃശ്ശൂർ - 27
സഫിയ ഇ.വി, സെക്രട്ടറി ഇൻ ചാർജ്	അസ്സിസ്റ്റന്റ് സെക്രട്ടറി, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	കുന്നത്തുപീടികയിൽ വീട്, മംഗലം, വടക്കാഞ്ചേരി R.S – PO, തൃശ്ശൂർ –680623
റസീന എ.എ, സെക്രട്ടറി ഇൻ ചാർജ്	ജൂനിയർ സൂപ്രണ്ട്, ആലത്തൂർ ഗ്രാമപഞ്ചായത്ത്	ആലത്തൂർ ഹൗസ്, മാരാത്ത്കുന്ന്, കുമരനെല്ലൂർ പി.ഒ, വടക്കാഞ്ചേരി, തൃശ്ശൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
80-81	നം.എൽ.എഫ്.ടി.എസ്.2-770/11 , തി. 19.07.11/ 21.10.11	1	
81-82		1	
84-85		3	
86-87, 87-88		2	
88-89, 89-90		5	
91-92		2	
92-93, 93-94		5	
94-95		6	
96-97, 97-98	നം.എൽ.എഫ്. ടി-17 -34/01/29.01.03		
98-99	നം.എൽ.എഫ്.ടി. 20-1846/99, തി. 05.06.2000/ 31.08.2000		
99-2000 (ചെലവ്)	നം.എൽ.എഫ്.ടി. 17/1040/03 തി.07.01.04		
99-2000 (വരവ്)	നം.എൽ.എഫ്.ടി.-17- 1428/07		
2000-01 (പദ്ധതി ചെലവ്)	നം.എൽ.എഫ്.ടി 17- 1634 /03 24.11.03		
2000-2001 (വരവ് ചെലവ്)	നം.എൽ.എഫ്.ടി 17-1431		
2001-02 (പദ്ധതി ചെലവ്)	നം.എൽ.എഫ്.ടി. 17-1632/03 , തി. 24.11.03		
01-02(വരവ് ചെലവ്)	നം.എൽ.എഫ്.ടി. പി1 294/12/ തി. 29.02.2012		2-1(e), 2-3(B) ഒഴികെ എല്ലാ പരാമർശങ്ങളും നിലനിൽക്കുന്നു
02-03 (ചെലവ്)	നം.എൽ.എഫ്.ടി. പി1 294/12 / തി. 29.02.2012/ 29.03.12		2-1(E), 2-8(B) ഒഴികെ

			എല്ലാ പരാമർശങ്ങളും നിലനിൽക്കുന്നു.
03-04 (വരവ് ചെലവ്)	നം.എൽ.എഫ്.ടി.പി1(294)/12,29.02.2012/ തി. 29.03.12		
04-05	നം.എൽ.എഫ്.ടി.പി 1 (294) /12 തി. 29.02.2012/ 29.03.12		
05-06	നം.എൽ.എഫ്.ടി. 17-1752/09 / തി. 17.09.10		
06-07	നം.എൽ.എഫ്.ടി. 17- 1753/ 09 / തി. 17.09.10		
07-08	നം.എൽ.എഫ്.ടി. 17- 1437/10, തി. 24.01.2011		
08-09	നം.എൽ.എഫ്.ടി.17-1438/10, തി. 24.10.11/22.10.11		
09-10			
10-11	നം.എൽ.എഫ്.ടി. പി 1/ 412/ 12 , തി. 17.07.12/ 27.11.12		
11-12	നം.എൽ.എഫ്.ടി. പി 1-1430/13 തി. 02.01.14/ 06.03.14		
12-13	നം.എൽ.എഫ്.ടി.പി5.1441/14, തി. 09.01.2015/ 07.03.2015		
2013-14	നം.കെ.എസ്.എ.ടി..എസ്.ആർ.പി5/67/15/ തി. 12.10.15		
2014-15	നം.കെ.എസ്.എ.ടി.എസ്.ആർ.പി5/1036/16/ തി. 30-06-16/26-07-16		
2015-16	നം.കെ.എസ്.എ.ടി.എസ്.ആർ.പി5/ 1965/16/ തി. 18.11.16/16-01-17		
2016-17	നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1256/17 തി. 29.07.2017		
2017-18	നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1501/18 തി. 02.11.2018		
2018-19	നം.കെ.എസ്.എ.ടി.എസ്.ആർ. (പി5)1779/19 തി. 07.01.2020		
2019-20	നം.കെ.എസ്.എ.ടി.എസ്.ആർ.(പി9)505/21 തി. 31.03.2021		

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്